I ഇ.ബി. XV - കേരള നിയമസഭ/II-3

## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 26, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അനുമോദനം

മീരാബായ് ചാനുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിംപിക്സിൽ വനിതാ വിഭാഗം ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യയുടെ മീരാബായ് ചാനു വെള്ളിമെഡൽ നേടിയതിൽ കേരള നിയമസഭ അഭിനന്ദിക്കുന്നു.

## II. അടിയന്തരപ്രമേയം

കുഴൽപ്പണ കേസ്

മി. സ്പീക്കർ: കൊടകര കുഴൽപ്പണ കേസിലുൾപ്പെട്ട പണം കേരളത്തിലെ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനുവേണ്ടിയാണെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടും പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ കേസന്വേഷണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് ചേളന്നൂർ സ്വദേശിയായ ഷംജീർ തന്റെ ഉടമസ്ഥതയിലുള്ള കാറും ആലപ്പുഴയിലേയ്ക്ക് കൊണ്ടുപോയ 25 ലക്ഷം രൂപയും 03-04-2021-ന് പുലർച്ചെ തൃശ്ശൂർ കൊടകരയിൽ വച്ച് കവർച്ച ചെയ്തുവെന്ന് പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ഷംജീറിനെയും കോഴിക്കോട് സ്വദേശി ധർമ്മരാജനെയും ചോദ്യം ചെയ്തതിൽ ടി കാറിൽ മൂന്നരക്കോടി രൂപയുള്ളതായി കണ്ടെത്തുകയും തുടർന്ന് ചാലക്കുടി ഡിവൈ.എസ്.പി.

കേസന്വേഷണം ഏറ്റെടുക്കുകയും ചെയ്തു. പ്രതികളായവർക്ക് ബി.ജെ.പി. സംസ്ഥാനാദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രനുമായി അടുത്ത ബന്ധമുണ്ടെന്നും ധർമ്മരാജൻ ഹവാല ഏജന്റായി പ്രവർത്തിക്കുന്ന ആളാണെന്നും കണ്ടെത്തിയിട്ടുണ്ട്. കൊടകര ഹൈവേ മേൽപ്പാലത്തിന് സമീപം വാഹനാപകടങ്ങൾ സൃഷ്ടിച്ച് ഷംജീറിന്റെ കാറിലെ രഹസ്യ അറകളിൽ ഒളിപ്പിച്ചുവച്ച പണവും പ്രസ്തുത വാഹനവും കവർച്ച ചെയ്തതായിട്ടാണ് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. കേസിലുൾപ്പെട്ട 22 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും കവർച്ച ചെയ്യപ്പെട്ട തുകയിൽ 1,46,00,000 രൂപ മൂല്യമുള്ള പണവും മുതലും കണ്ടെടുത്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കവർച്ച ചെയ്യപ്പെട്ട മൂന്നരക്കോടി രൂപയ്ക്കുപുറമെ തെരഞ്ഞെടുപ്പാവശ്യത്തിനായി കർണ്ണാടകയിൽ സൂക്ഷിച്ചിരുന്ന 17 കോടി രൂപയുടെ വിവരങ്ങളും ലഭ്യമായിട്ടുണ്ട്. അനധികൃതമായി പണം കൊണ്ടുവരുന്നത് സംബന്ധിച്ച അന്വേഷണവും തുടർ നടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകംടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ നടത്തേണ്ടതിനാൽ കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് തയ്യാറാക്കി ടി ഓഫീസുകളിലേയ്ക്ക് അയയ്ക്കണമെന്ന കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്.

അവശേഷിക്കുന്ന കവർച്ചാമുതൽ കണ്ടെത്തുന്നതിനും സമാനരീതിയിലുള്ള മറ്റ് പണമിടപാടുകൾക്ക് തെരഞ്ഞെടുപ്പുമായോ മറ്റേതെങ്കിലും കുറ്റകൃത്യവുമായോ ബന്ധമുണ്ടോയെന്ന് അന്വേഷിച്ച് വരികയാണെന്ന് കോടതിയെ അറിയിക്കുകയും ബന്ധപ്പെട്ട വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: കൊടകര കുഴൽപ്പണക്കേസുമായി ബന്ധപ്പെട്ട ഏജൻസികൾ കുറ്റപത്രം സമർപ്പിച്ചപ്പോൾ ബി.ജെ.പി. നേതാക്കൾ പ്രതിപ്പട്ടികയിൽ വരുന്നതിനുപകരം സാക്ഷികളാവുകയാണ് ചെയ്തത്. ടി കേസിൽ കുറ്റക്കാരായ മുഴുവൻ ആളുകളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണം. കോടിക്കണക്കിന് രൂപയുടെ കുഴൽപ്പണമിടപാട് സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കവർച്ച നടത്തിയ ആളുകൾക്കെതിരെയാണ് ഗൂഢാലോചനക്കേസെടുത്തിരിക്കുന്നത്. പണത്തിന്റെ ഉറവിടം കണ്ടെത്താൻ കാര്യക്ഷമമായ ഒരേജൻസിയെ ചുമതലപ്പെടുത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊടകര കുഴൽപ്പണക്കേസിലെ പണമിടപാടിനെക്കുറിച്ച് ബി.ജെ.പി.

നേതാക്കൾക്കറിയാവുന്നതുകൊണ്ടാണ് കേസിൽ അവർ സാക്ഷികളായത്. സംസ്ഥാനത്ത് നടക്കുന്ന നിയമലംഘനങ്ങളെക്കുറിച്ചന്വേഷിക്കാൻ അധികാരമുള്ളതുകൊണ്ടാണ് സംസ്ഥാന പോലീസ് ഈ കേസ് അന്വേഷിച്ചത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇലക്ഷൻ കമ്മീഷനും മറ്റുകാര്യങ്ങളിൽ ബന്ധപ്പെട്ട ഏജൻസികളുമാണ് നടപടി സ്വീകരിക്കേണ്ടതെന്നതിനാലാണ് അവരെ അറിയിക്കാൻ തീരുമാനിച്ചത്. കൊടകര കുഴൽപ്പണത്തിന്റെ സ്രോതസ്സിനെ സംബന്ധിച്ചുള്ള കണ്ടെത്തലുകൾ ബന്ധപ്പെട്ട കേന്ദ്രഏജൻസികളെ അറിയിക്കുന്നതോടൊപ്പം യഥാസമയം ചാർജ് ഷീറ്റ് സമർപ്പിക്കുന്നതുമാണ്. കൃത്യമായ രീതിയിൽ അന്വേഷണം നടത്തി വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്. അന്വേഷണ ഏജൻസി കാര്യക്ഷമമായ അന്വേഷണമാണ് നടത്തുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരുതരത്തിലുള്ള വീഴ്ചയുമുണ്ടാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന

നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യൽ

ശ്രീ. എം. എം. മണി: കർഷകർക്ക് പതിച്ചുനൽകിയ ഭൂമിയിലെ ഗൃഹനിർമ്മാണം ഒഴികെയുള്ള കാർഷികേതര പ്രവൃത്തികളുടെ വിലക്ക് ഒഴിവാക്കാൻ 1964-ലെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1964-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം സ്വന്തമായി കൃഷിക്കും താമസത്തിനും സമീപവസ്തുവിന്റെ ഗുണകരമായ ഉപയോഗത്തിനുമായി ഭൂമി പതിച്ചുനൽകാവുന്നതും അപ്രകാരം ഉപയോഗിച്ചില്ലെങ്കിൽ പതിവ് റദ്ദ് ചെയ്യാവുന്നതുമാണ്. ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് NOC ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് ഉപയോഗിക്കുന്ന 1500

ചതുരശ്ര അടിയ്ക്ക് താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമി ഇല്ലെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും 21-02-2020-ലെ കോടതി ഉത്തരവിനുശേഷം 22-08-2019 വരെയുള്ള നിർത്തിവച്ച നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. WPC No. 1801/2010 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഭൂപതിവ് ചട്ട ഭേദഗതിക്ക് ഹൈക്കോടതിയുടെ അനുവാദം ആവശ്യമാണ്; ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2) കോവിഡ് വാക്സിനേഷൻ

ശ്രീ. സനീഷ്കുമാർ ജോസഫ്: സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ വാക്സിനേഷൻ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും പ്രവാസികൾക്ക് മുൻഗണന നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 3.5 കോടി ജനങ്ങളുള്ള കേരളത്തിൽ 36.95 ശതമാനം പേർക്ക്

കോവിഡ് വാക്സിന്റെ ആദ്യ ഡോസും 16.01 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. 2021 ജനുവരി 16 മുതൽ ആരോഗ്യ പ്രവർത്തകർക്കും ഫെബ്രുവരി 1 മുതൽ കോവിഡ് പ്രതിരോധ മുന്നണിപ്പോരാളികൾക്കും ജൂൺ 21 മുതൽ 18-നും 45-നും ഇടയിൽ പ്രായമായവർക്കും സംസ്ഥാനത്ത് വാക്സിൻ നൽകിത്തുടങ്ങി 45 വയസ്സിനുമുകളിൽ പ്രായമുള്ള 76 ശതമാനം പേർക്ക് ഒന്നാം ഡോസും, 39 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകിയിട്ടുണ്ട്. വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ എല്ലാദിവസവും കോവിഡ് വാക്സിൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയും ഗർഭിണികൾക്കുൾപ്പെടെ വാക്സിൻ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിനാവശ്യമായ വാക്സിൻ ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശത്തുപോകുന്നവർക്ക് നാലാഴ്ച കഴിഞ്ഞാൽ രണ്ടാം ഡോസ് വാക്സിൻ നൽകുന്നതിന് ജില്ലാതലത്തിൽ പ്രത്യേക വാക്സിൻ കേന്ദ്രങ്ങളാരംഭിച്ചിട്ടുണ്ട്.

# IV. സബ്മിഷൻ

## 1. ആശ്രിത നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24-05-1999-ലെ ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം ജീവനക്കാർ ജോലി ചെയ്തിരുന്ന വകുപ്പിൽ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവുകളിലേയ്ക്ക് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാതൃ വകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റു വകുപ്പുകളിലെ തസ്തികകളിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നൽകുന്നതിനു വേണ്ടി എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5 ശതമാനം ഒഴിവുകൾ നീക്കിവയ്ക്കാറുണ്ട്. എന്നാൽ ആഭ്യന്തരവകുപ്പിൽ ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് മുമ്പാകെ ഫയൽ ചെയ്ത ഹർജികളിന്മേൽ

പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് മാതൃവകുപ്പുകളിൽനടന്ന നിയമനങ്ങളുൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ നിജപ്പെടുത്തുകയും പ്രസ്തുത ഉത്തരവ് ഖണ്ഡിക 30-ലെ ഉത്തരവിന് വിരുദ്ധമായതിനാൽ വിധിന്യായം പുനഃപരിശോധിക്കാൻ സംസ്ഥാന പോലീസ് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും പൊതു തസ്തികകളിൽ ആശ്രിതനിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് കണക്കിലെടുത്ത് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യതയനുസരിച്ച് സാങ്കേതിക തസ്തികകളിലുൾപ്പെടെ തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആശ്രിത നിയമനത്തിന്റെ ക്വാട്ട വർദ്ധിപ്പിക്കുന്നത് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ തൊഴിൽ സാധ്യത കുറയ്ക്കുമെന്നതു പരിഗണിച്ച് പൊതുഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പ് അദാലത്തുകൾ നടത്തി ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി ഒഴിവുകൾ ലഭ്യമായ മറ്റു വകുപ്പുകളിൽ നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 2. കോടതി സമുച്ചയ നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണത്തിനായി നിലവിൽ കണ്ടെത്തിയിട്ടുള്ള ഐ.എച്ച്.ആർ.ഡി.യുടെ ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോളിടെക്നിക് കോളേജിന്റെ ക്ലാസ്സുകളും ലാബുകളും മെയിൻ കാമ്പസിലേയ്ക്ക് മാറ്റുകയും ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയാക്കി ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം കോടതി സമുച്ചയത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3. അപ്രോച്ച് റോഡ് പുനർനിർമ്മാണം

ശ്രീ. തോമസ് കെ. തോമസ്: ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മിക്കാനും കുട്ടനാട്ടിലെ മുഴുവൻ പാലങ്ങളും കൾവർട്ടുകളും ആധുനിക രീതിയിൽ നിർമ്മിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിലവിൽ കുട്ടനാട്ടിൽ നിർമ്മിക്കുന്ന പാലങ്ങൾ

ഭൂപ്രകൃതിക്കനുസരിച്ചുള്ള ലാൻഡ് സ്പാൻ നിർമ്മിതിയിൽ രൂപകൽപ്പന ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

4. ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): 2019-ൽ ആരംഭിച്ച കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ലോക്ഡൗൺമൂലം തടസ്സപ്പെട്ടുവെങ്കിലും 2021 മാർച്ച് മാസം മുതൽ പ്രസ്തുത പ്രവൃത്തികൾ പുനഃരാരംഭിച്ചിട്ടുള്ളതും വരുന്ന സീസണിൽത്തന്നെ നിർമ്മാണം പൂർത്തിയാക്കി പാലം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതുമാണ്.

5. എക്കൽമണ്ണ് നീക്കം ചെയ്യൽ

ശ്രീ. പി. നന്ദകുമാർ: തിരൂർ-പൊന്നാനി പുഴയുടെ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽമണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തിരൂർ-പൊന്നാനി പുഴയിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് നീക്കം ചെയ്യുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

ശ്രീ. എ. പ്രഭാകരൻ: പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയെന്ന നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസും സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനുമായിട്ടുള്ള കമ്മിറ്റി ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യനിർണ്ണയം നടത്തുകയും കേന്ദ്ര സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും മൂല്യനിർണ്ണയം നടത്തിയ തീയതിയിലല്ല സംസ്ഥാന സർക്കാർ ഏറ്റെടുത്തതെന്ന കാരണത്തിൽ പുനർമൂല്യനിർണ്ണയം ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ കരട് ധാരണാപത്രം ഒപ്പുവയ്ക്കുകയുമുണ്ടായി. തുടർന്ന് നടന്ന യോഗത്തിൽ സ്ഥലത്തിന്റെ വിലകൂടി ആസ്തികളുടെ മൂല്യത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചുവെങ്കിലും ഈ ആവശ്യം നേരത്തെ ഉന്നയിക്കാതിരുന്നതിനാലും 1964-ൽ സംസ്ഥാന സർക്കാർ സൗജന്യമായി കേന്ദ്ര സർക്കാരിന് ഭൂമി നൽകിയിരുന്നതിനാലും അക്കാര്യം കേരള സർക്കാർ അംഗീകരിച്ചില്ല. ഈ വിഷയം ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസിന്റെ മുമ്പാകെ അവതരിപ്പിച്ച് ഭൂമിയുടെ വില ഒഴികെയുള്ള മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്.

## 7. ലിംഗമാറ്റ ശസ്ത്രക്രിയ

ശ്രീമതി ശാന്തകുമാരി കെ.: ട്രാൻസ്ജെൻഡറുകളുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും സർക്കാർ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന

ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗം ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പ്രോട്ടോക്കോളും ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ശാരീരിക-മാനസിക-ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും തയ്യാറാക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കാനും ലിംഗമാറ്റ ശസ്ത്രക്രിയകളിൽ പ്രാവീണ്യമുള്ള സർക്കാർ മേഖലയിലെ ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാനും 2019-ലെ ട്രാൻസ്ജെൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ വേഗത്തിൽ രൂപീകരിച്ച് സർക്കാരിൽ സമർപ്പിക്കാനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾക്കുപുറമെ നിരവധി സേവനങ്ങളും പദ്ധതികളും ട്രാൻസ്ജെൻഡേഴ്സിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചുവരുന്നുണ്ട്.

## 8. ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ പെരിയയിൽ ബേക്കൽ എയർ സ്ട്രിപ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബേക്കൽ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒൻപത് ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് 8-10 സീറ്റുള്ള വൺ എഞ്ചിൻ എയർ വാൻ സർവ്വീസ് പദ്ധതി സർക്കാർ വിഭാവന ചെയ്യുകയും പെരിയ വില്ലേജിൽ ഇതിനായി 80 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ നടപടികളും സാമൂഹ്യ ആഘാത പഠനവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബേക്കലിലെ ഭൂമി എയർ സ്ട്രിപ് പദ്ധതിക്ക് ഉതകുന്നതാണോ എന്നത് സംബന്ധിച്ച പഠന റിപ്പോർട്ടും കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട വിശദാംശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 9. ബൈപ്പാസ് നിർമ്മാണം

ശ്രീ. മഞ്ഞളാംകുഴി അലി: മങ്കട നിയോജക മണ്ഡലത്തിലെ ഒരോടംപാലം-മാനത്തുമംഗലം, ഒരോടംപാലം-വൈലോങ്ങര, മക്കരപറമ്പ് എന്നീ ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച് ഉദ്യോഗസ്ഥതല ചർച്ച നടത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഒരോടംപാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണവുമായി

ബന്ധപ്പെട്ട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലമ്പൂർ-ഷൊർണ്ണൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയുമാണ്. ഒരോടംപാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Ltd)-യെ എസ്.പി.വി.-ആയി നിയമിക്കുകയും 12.62 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മക്കരപ്പറമ്പ് ബൈപ്പാസ് ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന 4/6 വരി പാതയാക്കുന്നതിന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പാലക്കാട്-കോഴിക്കോട് ഭാഗം വികസിപ്പിക്കുന്നതിന് ഗ്രീൻ ഫീൽഡ് അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. ഉദ്യോഗസ്ഥതല യോഗത്തിന്റെ കാര്യം പരിഗണിക്കാവുന്നതാണ്.

## 10. <u>മുൻഗണനാ റേഷൻകാർഡ്</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: അർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവരെ നിലവിലുള്ള ശിക്ഷാനടപടികളിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുമെന്ന അറിയിപ്പിനെത്തുടർന്ന് മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ചതിനാൽ അർഹരായവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഗുരുതരമായ രോഗം ബാധിച്ച അപേക്ഷകർക്ക് പ്രത്യേക പരിഗണന നൽകാനും പ്രയോറിറ്റി ഹൗസ് ഹോൾഡേഴ്സ് വിഭാഗത്തിലുണ്ടായ ഒഴിവുകളിലേയ്ക്ക് അർഹതയുള്ളവരെ കണ്ടെത്തി മുൻഗണനാ റേഷൻകാർഡുകൾ നൽകാനും ഉദ്ദേശിക്കുന്നു.

## V. റിപ്പോർട്ട് സമർപ്പണം

I- XII, XIV എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

## VI. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(1918,84,93,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(74,98,90,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും
(276,23,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും
(44,28,00,000 രൂപ)

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താ

വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനത്തിനും ജനകീയതയ്ക്കും നിരവധി ദേശീയ അന്തർദ്ദേശീയ പുരസ്കാരങ്ങളാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കേരള പോലീസിന് ലഭിച്ചത്. മണലൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷനും ഗുരുവായൂർ, വാടാനപ്പിള്ളി പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടവും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. കാലത്തിനനുസരിച്ച് പോലീസ് സേനയെ ജനസേവകരാക്കി വളർത്തിയെടുക്കുക എന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്താകെ 17071 സ്ത്രീധന/ഗാർഹിക/സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജയിലിൽ കഴിയുന്ന പ്രതികൾക്ക് സ്മാർട്ട് ഫോണടക്കമുള്ള സൗകര്യങ്ങളും കോവിഡിന്റെ മറവിൽ അനധികൃതമായി പരോളും അനുവദിക്കുന്നതിലൂടെ പ്രതികളിൽ പലരും കൂടുതൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന

സ്ഥിതിയാണുള്ളത്. പ്രത്യേകം പാർപ്പിക്കേണ്ട കൊലക്കേസ് പ്രതികളെ ഒരു ബ്ലോക്കിൽ ഒരുമിച്ച് കഴിയാൻ അനുവദിക്കുന്ന നിലപാട് തിരുത്തണം.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി പിങ്ക് പോലീസിന് രൂപം നൽകുന്നതിനും കുറ്റാന്വേഷണവും ക്രമസമാധാനപരിപാലനവും രണ്ടു വിഭാഗമായി തിരിച്ച് സംസ്ഥാന പോലീസിനെ പരിഷ്കരിക്കുന്നതിനും വരുംതലമുറയിൽ പൗരാവകാശ ബോധവും ജനാധിപത്യബോധവും സൃഷ്ടിക്കുന്നതിന് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനത്തിന് രൂപം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ പരാതി ലഭിച്ചാൽ വീടുകളിൽപോയി അന്വേഷിച്ച് പരിഹാരം കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന നടപടി സ്വാഗതാർഹമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രമസമാധാന പാലനത്തിൽ സർക്കാർ പരാജയമാണ്. കുറ്റവാളികളെയും ഗുണ്ടകളെയും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കൊലപാതകം, കസ്റ്റഡി മരണം തുടങ്ങിയവയെല്ലാം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തെ സംരക്ഷിച്ച ആരോഗ്യ/പോലീസ്/അഗ്നിരക്ഷാസേന വകുപ്പുകളുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അയ്യായിരത്തിലധികം പുതിയ നിയമനങ്ങൾ നടത്തുന്നതിനും പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം, ഹൈടെക് സ്റ്റേഷൻ തുടങ്ങിയവ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പരാതികൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനും 'Children at Police' പദ്ധതിയിലൂടെ സ്റ്റേഷനുകൾ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനും പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കുന്നതിനും സാധിച്ചത് സ്വാഗതാർഹമാണ്. സ്ത്രീ സുരക്ഷയ്ക്ക് 'നിഴൽ' പദ്ധതിക്ക് രൂപം നൽകുന്നതിനും പോലീസ് ആസ്ഥാനത്ത് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം കൊണ്ടുവരുന്നതിനും തീരദേശ പോലീസ് സ്റ്റേഷനുകളിൽ 200 ഓളം മത്സ്യത്തൊഴിലാളികൾക്ക് നിയമനം നൽകുന്നതിനും സാധിച്ചത് അഭിനന്ദാർഹമാണ്. എല്ലാ വിദ്യാലയങ്ങളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിനും ജയിലുകൾ

ആധുനികവൽക്കരിക്കുന്നതിനും നടപടിയുണ്ടാകണം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്താനും കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നവർക്ക് വേഗത്തിൽ ശിക്ഷ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്താനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുറ്റവാളികൾക്ക് സംരക്ഷണം നൽകുന്ന സർക്കാർ നടപടി അവസാനിപ്പിക്കണം. ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ട് വിഭാഗമാക്കണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാനും പെൻഡിംഗ് കേസുകൾ തീർപ്പാക്കി നീതി ഉറപ്പുവരുത്താനും പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്താൻ ശക്തമായ പരിശോധന നടത്താനും സംസ്ഥാനത്ത് ക്രമസമാധാനനില ഉറപ്പാക്കാനും നടപടിയുണ്ടാകണം. പോലീസിന്റെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കാനും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ഉറപ്പാക്കാനും അനുവദിച്ച പോലീസ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കാനും തയ്യാറാകണം.

ശ്രീ. ജോബ് മൈക്കിൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിൽ ശക്തമായ

ഇടപെടൽ നടത്താൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്കും കുട്ടികളുടെ സംരക്ഷണത്തിനുമായി വിവിധ പദ്ധതികൾ തയ്യാറാക്കിയതും വനിതാ പോലീസ് ഓഫീസർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചതും ഗവൺമെന്റിന്റെ നേട്ടമാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ പ്രവർത്തനം എയ്ഡഡ് സ്കൂളുകളിലും ആവശ്യപ്പെടുന്ന കോളേജുകളിലും അനുവദിക്കണം. ട്രാഫിക് പോലീസ് സ്റ്റേഷനുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനും ടി യൂണിറ്റുകൾക്ക് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള അധികാരം നൽകാനും മൊബൈൽ പോലീസ് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഗവൺമെന്റിന് തുടർഭരണം ലഭിച്ചത്. ക്രമസാധാനപാലനത്തിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട കൊലപാതകങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. രമ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാര്യക്ഷമമല്ലാത്ത പോലീസ് സംവിധാനവും ജയിലുകളുടെ പ്രവർത്തനവും

സർക്കാരിന്റെ പരാജയമാണ്. ജയിലുകളിലേയ്ക്ക് നിയമവിരുദ്ധമായി സാധനങ്ങൾ എത്തിക്കുന്നത് അന്വേഷിക്കുന്നതിനും കക്ഷിരാഷ്ട്രീയ ഇടപെടലുകളിൽനിന്നും മുക്തമാക്കി ജയിൽ ഭരണം സ്വതന്ത്ര ജുഡീഷ്യൽ സംവിധാനത്തെ ഏൽപ്പിക്കുന്നതിനും എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥർക്ക് നിർഭയവും നീതിയുക്തവുമായി പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. പരോളും ശിക്ഷാ ഇളവുകളും നിഷ്പക്ഷമായി നിർവ്വഹിക്കണം. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് കേസ്സുകൾ ഒത്തുതീർപ്പാക്കുന്ന നടപടി അവസാനിപ്പിക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് കോവിഡ് കാലത്ത് പോലീസും ഫയർ ഫോഴ്സും കാഴ്ച വച്ചത്. കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ചത് സ്വാഗതാർഹമാണ്. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുപ്രീംകോടതിയിൽ അപ്പീൽ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. വി. ജോയി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുറ്റാന്വേഷണ മികവ്, നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം, സാമൂഹിക ഉത്തരവാദിത്തം തുടങ്ങിയവയുടെ കാര്യത്തിൽ ആഭ്യന്തര വകുപ്പും കേരള പോലീസും രാജ്യത്തിന് മാതൃകയാണ്. പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന ചെലവുകൾക്കുള്ള പെർമനന്റ് അഡ്വാൻസ് സമയബന്ധിതമായി നൽകുന്നതിനും ജനസംഖ്യാനുപാതികമായും കേസുകളുടെ എണ്ണത്തിനനുസരിച്ചും പോലീസ് സേനയുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനും വിവിധ കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷ സമുദായങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് അപലപനീയമാണ്. വിജിലൻസ് അന്വേഷണങ്ങൾക്ക് ചീഫ് സെക്രട്ടറിയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കാനും സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ ലഭിച്ചാൽ കേസെടുക്കാനും കൃത്യവിലോപം കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും വയോജനങ്ങളുടെ

ക്ഷേമത്തെക്കുറിച്ച് അന്വേഷിക്കാൻ പോലീസുകാരെ നിയോഗിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള ജനതയുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിൽ സർക്കാർ സ്വീകരിച്ച സമീപനം ശ്ലാഘനീയമാണ്. കിഫ്ബി പദ്ധതിയിലൂടെ പോലീസ് സ്റ്റേഷനുകളുടെയും സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാനും മരണനിരക്ക് കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. സമസ്ത മേഖലയിലും ഗുണപരമായ മാറ്റങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനും പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാന പരിപാലനത്തിലും ശാസ്ത്രീയമായ തെളിവുകളിലൂടെ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിലും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ

സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്ന കാര്യത്തിലും കേരളം രാജ്യത്തിന് മാതൃകയാണ്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളും സൈബർ കുറ്റകൃത്യങ്ങളും അന്വേഷിക്കാനായി ഇക്കണോമിക് റഫറൻസ് വിംഗ് രൂപീകരിക്കാനുള്ള തീരുമാനവും കേസന്വേഷണത്തിനായി പോലീസ് ടെക്നോളജി സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനവും ശ്ലാഘനീയമാണ്. പോലീസ് സേനയിൽ കാലോചിതവും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിൽ കാലോചിതമായ പരിഷ്ക്കാരം വരുത്താനായിട്ടുണ്ട്. ലോക്ഡൗൺ കാലത്ത് അശരണർക്കും രോഗികൾക്കും ഭക്ഷണവും മരുന്നും എത്തിച്ചതുൾപ്പെടെയുള്ള പ്രശംസനീയമായ സേവനങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഭയംകൂടാതെ പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളെ സമീപിക്കാനുള്ള സാഹചര്യം ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എയ്ഡഡ് സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ക്രമസമാധാനനില തകരുകയും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയുമാണ്. കവർച്ച-തട്ടിപ്പ്-ബ്ലേഡ് മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പിടിമുറുക്കിയിരിക്കുകയാണ്. ലൈംഗിക ചൂഷണത്തിനിരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം വർദ്ധിക്കുകയും അപരാജിത പോർട്ടൽ, മിസ്ഡ് കോൾ സംവിധാനം തുടങ്ങിയ പദ്ധതികൾ പ്രഹസനമായിരിക്കുകയുമാണ്. ജയിൽ ഉദ്യോഗസ്ഥർ കൊലപ്പുള്ളികളുടെ ആജ്ഞാനുവർത്തികളായി മാറിയിരിക്കുകയാണ്. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായ അന്വേഷണം മാത്രമാണ് വിജിലൻസ് വകുപ്പിൽ നടക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും സമാധാനം ഉറപ്പുവരുത്താനും വർഗ്ഗീയ സംഘർഷങ്ങളിൽ നിന്ന് കേരളത്തെ മുക്തമാക്കാനും പോലീസ് സേനയ്ക്ക് സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. കള്ളക്കടത്ത് സ്വർണ്ണം തട്ടിയെടുക്കാൻ ശ്രമിക്കുന്ന ഗുണ്ടാസംഘങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം കള്ളക്കടത്തിനെത്തുടർന്നുള്ള കുറ്റകൃത്യങ്ങൾ

തടയാൻ 'സംഘടിത കുറ്റകൃത്യം തടയൽ നിയമം' കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതുമാണ്. ഗുണ്ടാ-ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് ഐ.പി.സി., എൻ.ഡി.പി.എസ്. നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിയമപ്രകാരമുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുകയും കസ്റ്റഡി മരണങ്ങൾ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രതികൾക്കെതിരായ പീഡനം അവസാനിപ്പിക്കാൻ പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുകയും സ്ത്രീധനപീഡനവുമായി ബന്ധപ്പെട്ട അതിക്രമങ്ങളും സൈബർ കുറ്റകൃത്യങ്ങളും പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നടപ്പിലാക്കുകയും പിങ്ക് പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിന് വനിതാ സ്വയം പ്രതിരോധ സംഘം രൂപീകരിക്കുകയും ഗാർഹിക-സ്ത്രീധനപീഡനവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് പോലീസ് കമാൻഡ് സെന്റർ

കേന്ദ്രമായി പ്രത്യേക സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾക്ക് പുറമേ പ്രൊമോഷൻ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളും യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് സേനയിലെ വനിതകളുടെ അംഗബലം 9.61 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പോലീസ്-പൊതുജനബന്ധം മെച്ചപ്പെടുത്തുന്നതിന് സോഫ്റ്റ് സ്കിൽ മൊഡ്യൂളുകൾ ഉൾപ്പെടുത്തി പരിശീലനം നൽകിവരികയാണ്. സൈബർ ക്രൈം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനുതകുന്ന പാഠ്യ പദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രെയിനിംഗിലെയും പോലീസ് സേവനങ്ങളിലെയും ന്യൂനതകൾ പരിഹരിക്കുന്നതിനായി റിസർച്ച് ആന്റ് പബ്ലിക്കേഷൻ വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തീവ്രവാദ-മാവോയിസ്റ്റ് ഭീഷണികൾ നേരിടുന്നതിനും സ്ഫോടക വസ്തുക്കൾ കണ്ടെത്തി നിർവീര്യമാക്കുന്നതിനുമുള്ള സംയോജിത പരിശീലന കേന്ദ്രവും (Counter-IED training center) പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിനായി രണ്ട് ട്രെയിനിംഗ് സെന്ററുകളും ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്ററും രൂപീകരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി എല്ലാ

പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ.-മാരുടെ കീഴിൽ ക്രമസമാധാനത്തിനും ക്രൈം ഇൻവെസ്റ്റിഗേഷനും പ്രത്യേകമായി സബ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഡ്രോണിന്റെ സഞ്ചാരപഥം ഉൾപ്പെടെയുള്ള വിവരങ്ങൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിന് ഡ്രോൺ ഫോറൻസിക് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതാണ്. സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ, ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ്, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ (സി.സി.ഐ.ഡി.), cyber operations and security division എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. സോഷ്യൽ പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. 197 എയ്ഡഡ് സ്കൂളുകളിൽക്കൂടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതോടൊപ്പം പോലീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി ടി സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമാണ്. പോലീസിന്റെ ചരിത്രവും രേഖകളുടെ പകർപ്പും ഉൾക്കൊള്ളുന്ന പോലീസ് മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. അശ്വാരൂഢസേനയുടെ സംരക്ഷണത്തിനും ഡോഗ് സ്ക്വാഡുകളുടെ പരിപാലനത്തിനും ബാൻഡ് ആന്റ് ഓർക്കസ്ട്ര വിഭാഗം നവീകരിക്കുന്നതിനും ഫോറൻസിക് സയൻസ് ലബോറട്ടറികളെ ശക്തിപ്പെടുത്തുന്നതിനും നടപടി

സ്വീകരിക്കുന്നതാണ്. സൈബർ കേസുകളുടെ പരിശോധന ത്വരിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിജിലൻസ് കേസുകൾ വേഗം തീർപ്പാക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം രൂപീകരിക്കുകയും ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിന് സൈബർ സെല്ലുകൾ ആരംഭിക്കുകയും ഉദ്യോഗസ്ഥ തലത്തിൽ ആശയവിനിമയം നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുകയും പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് ടോൾഫ്രീ/ വാട്ട്സ് ആപ്പ് നമ്പരുകളും ഇ-പെറ്റീഷനും ഏർപ്പെടുത്തുകയും കൈക്കൂലി തടയുന്നതിനായി മിന്നൽ പരിശോധന നടത്തി കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കോവിഡ് സാഹചര്യവും കോടതി നിർദ്ദേശവും പരിഗണിച്ച് അർഹതപ്പെട്ട തടവുകാർക്ക് പരോൾ ലഭ്യമാക്കുകയും ജയിലിലെ സൗകര്യങ്ങളും സുരക്ഷയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഒരോ സ്റ്റേഷനിലും 50 സിവിൽ ഡിഫൻസ് വോളന്റിയർമാരെ നിയമിച്ച് പ്രത്യേക പരിശീലനം

നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മലയോര മേഖലകളിലും ദുർഘടപ്രദേശങ്ങളിലും ഉയരംകൂടിയ കെട്ടിടങ്ങളിലുമുണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിനായി മൾട്ടി യൂട്ടിലിറ്റി വാഹനങ്ങളുൾപ്പെടെ ആധുനിക സൗകര്യങ്ങൾ സജ്ജമാക്കുകയും ജലരക്ഷയുമായി ബന്ധപ്പെട്ട് സ്കൂബാ ഡൈവിംഗ് ടീമിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അച്ചടി വകുപ്പ് നവീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും 38-നെതിരെ 90 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

* * * * *